പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1795

11/02/2013-ൽ മറുപടിക്ക്

## മാംസം വിപണനശൃംഖല വിപുലീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. പി. ബി. അബ്ദുൾ റസാക്<br>ശ്രീ. പി. ഉബൈദുള്ള | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| (എ) കേരളത്തിലെ കുടുംബശ്രീകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും സഹകരണത്തോടെ മാംസ വിപണനശൃംഖല വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദാംശം നല്കുമോ; | (എ) കേരളത്തിലെ കുടുംബശ്രീകളുടേയും ജില്ലാപഞ്ചായത്തുകളുടേയും സഹകരണത്തോടെ മാംസവിപണന ശൃംഖല വിപുലീകരിക്കുന്നതിനുള്ള പദ്ധതി നേരിട്ട് നടപ്പാക്കുന്നില്ല. എന്നാൽ വിവിധ ജില്ലകളിൽ നടപ്പാക്കുന്ന ആടുഗ്രാമം, പോത്തുകുട്ടി വളർത്തൽ പദ്ധതികളുടെ ലക്ഷ്യങ്ങളിൽ ഒന്ന് മാംസ ഉത്പാദനം വർദ്ധിപ്പിയ്ക്കുകയെന്നതാണ്. |
| (ബി) ആയതിലേയ്ക്ക് നാളിതുവരെ സ്വീകരിച്ച നടപടിവിശദമാക്കുമോ; | (ബി) കണ്ണൂർ ജില്ലയിൽ 56 പഞ്ചായത്തുകളിൽ ആയി 560 ആടുഗ്രാമം പദ്ധതി യൂണിറ്റുകൾ ഉണ്ട്. തൃശ്ശൂർ ജില്ലയിലെ അളഗപ്പാ നഗറിലും പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി ആട് ഗ്രാമം പദ്ധതിയുടെ 1500 യൂണിറ്റുകൾ ആരംഭിയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ജില്ല തിരിച്ചിട്ടുള്ള വിശദവിവരം അനുബന്ധമായി ചേർത്തിരിയ്ക്കുന്നു. മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമത്തിൽ പോത്തുകുട്ടി വളർത്തൽ പദ്ധതി ആരംഭിച്ചുകഴിഞ്ഞു. |
| (സി) നടപ്പു സാമ്പത്തിക വർഷം എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; | (സി) ആടുഗ്രാമം, പോത്തുകുട്ടി വളർത്തൽ പദ്ധതിയ്ക്ക് പ്രത്യേകം തുക നീക്കിവച്ചിട്ടില്ല. സ്വയംതൊഴിൽ സംരംഭ വികസനത്തിനായി നീക്കിവച്ചിരിക്കുന്ന തുകയിൽ നിന്നും ആവശ്യാനുസരണം സബ്സിഡി നൽകുകയാണ് നിലവിൽ ചെയ്തുവരുന്നത്. നടപ്പ് വർഷം ആടുഗ്രാമം പദ്ധതിയ്ക്ക് 17.5 ലക്ഷം രൂപയും, പോത്തുകുട്ടി വളർത്തൽ പദ്ധതിയ്ക്കു 15.12 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത തുക, എത്ര ശതമാനം വിനിയോഗിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

ആട് ഗ്രാമം പദ്ധതിയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ളവരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമനം. | ജില്ല | പഞ്ചായത്തുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 1 | 150 |
| 2 | കൊല്ലം | 2 | 125 |
| 3 | പത്തനംതിട്ട | 2 | 275 |
| 4 | ആലപ്പുഴ | 8 | 417 |
| 5 | കോട്ടയം | 3 | 264 |
| 6 | എറണാകുളം | 2 | 200 |
| 7 | തൃശ്ശൂർ | 2 | 40 |
| 8 | മലപ്പുറം | 33 | 3104 |
| 9 | പാലക്കാട് | 1 | 35 |
| 10 | കോഴിക്കോട് | 4 | 300 |
| 11 | വയനാട് | 1 | 30 |
| 12 | കാസർഗോഡ് | 6 | 540 |

സെക്ഷൻ ഓഫീസർ